പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 2740

19.06..2014 -ൽ
മറുപടിയ്ക്ക്

## എഞ്ചിനീയറിംഗ് വിദ്യാഭ്യാസമേഖലയിലെ നിലവാരം മെച്ചപ്പെടുത്തുവാൻ നടപടി

*ചോദ്യം*

ശ്രീമതി കെ.എസ്. സലീഖ

*ഉത്തരം*

ശ്രീ. പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് ആകെയുള്ള 53,000 എഞ്ചിനീയറിംഗ് സീറ്റുകളിൽ കാൽലക്ഷത്തിനടുത്ത് സീറ്റുകൾ ഒഴിഞ്ഞു കിടക്കുമ്പോൾ സ്വാശ്രയ രംഗത്ത് 2014 – 15 അധ്യയന വർഷം പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ അനുവദിക്കുവാൻ പോകുന്നത് പ്രസ്തുത മേഖലയെ നശിപ്പിക്കാനുതകുന്നതും, വിദ്യാഭ്യാസ കച്ചവടത്തിനും, അടച്ചുപൂട്ടൽ ഭീഷണിയും പ്രസ്തുത മേഖലയിൽ നടക്കുന്നതിന് ഇടയാക്കുമെന്നതും പരിശോധിക്കുവാൻ തയ്യാറാകുമോ ;

(എ) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 09-04-2013 -ലെ വിധിപ്രകാരം എ.ഐ.സി.റ്റി.ഇ.-യുടേയും സർവ്വകലാശാലയുടേയും അനുമതി ലഭിച്ചു കഴിഞ്ഞാൽ പുതിയ കോളേജുകൾ ആരംഭിക്കുന്നതിന് മൊറട്ടോറിയം ഏർപ്പെടുത്താൻ സർക്കാരിന് സാധിയ്ക്കുകയില്ല എന്ന് പരാമർശിച്ചിട്ടുണ്ട്. മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളും പഠന നിലവാരവും പുലർത്തുന്ന സ്ഥാപനങ്ങളൊന്നും തന്നെ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എഞ്ചിനീയറിംഗ് കോളേജുകൾ ഉൾപ്പെടെ സ്വകാര്യ മേഖലയിൽ 2014 – 15 അധ്യയന വർഷം മുതൽ ഫീസ് കൂട്ടി നിശ്ചയിച്ചതുമൂലം കുട്ടികൾ തമിഴ്നാട് ഉൾപ്പെടെയുള്ള മറ്റ് സംസ്ഥാനത്തേയ്ക്ക് പഠനത്തിന് തയ്യാറാകുകയും, സംസ്ഥാനത്ത് എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള സീറ്റുകൾ ധാരാളമായി ഒഴിഞ്ഞുകിടക്കുന്ന സാഹചര്യമുണ്ടാകുകയും ചെയ്യും എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) & (സി) ഈ വർഷം മെറിറ്റ് സീറ്റിൽ നാമമാത്ര ഫീസ് വർദ്ധനവ് മാത്രമേ വരുത്തിയിട്ടുള്ളു. നാമമാത്ര ഫീസ് വർദ്ധനവ് എന്ന ഒറ്റ കാരണം കൊണ്ട് മാത്രം വിദ്യാർത്ഥികൾ അന്യ സംസ്ഥാനത്ത് എഞ്ചിനീയറിംഗ് പഠനത്തിന് പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അദ്ധ്യാപകർക്ക് എ.ഐ.സി.റ്റി.ഇ. നിർദ്ദേശിച്ച പ്രകാരമുള്ള ശമ്പളം നൽകുന്നതിനും, മികച്ച സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ചെറിയ തോതിലെങ്കിലും ഫീസ് വർദ്ധനവ് അനിവാര്യമാണ്.

| | |
|---|---|
| (സി) **എങ്കിൽ ഫീസ് വർദ്ധനവ് ഒഴിവാക്കുവാനും, പുതുതായി സ്വാശ്രയരംഗത്ത് എഞ്ചിനീയറിംഗ് കോളേജുകൾ അനുവദിക്കാതിരിക്കുവാനും, പ്രസ്തുത വിദ്യാഭ്യാസ മേഖലയിലെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുവാനും എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?** | സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിലെ നിലവാരം മെച്ചപ്പെടുത്തുന്നതിന് സത്വര നടപടികൾ സ്വീകരിക്കുന്ന താണ്. |

*സെക്ഷൻ ഓഫീസർ*